പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

46 [1561] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഡിസംബർ 31-ന് അവസാനിക്കുന്നത് മാർച്ച് 31 വരെ ദീർഘിപ്പിക്കുകയുണ്ടായോ ;

(ബി) ഇങ്ങനെ ദീർഘിപ്പിക്കുന്നതിൽ പി.എസ്.സി. തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ ;

(സി) ദീർഘിപ്പിക്കപ്പെട്ട റാങ്ക് ലിസ്റ്റുകളിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ഉൾപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഉണ്ട് ; 2005 മാർച്ച് 31-നകം കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2005 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്ന കാര്യം പി.എസ്.സി.യോട് ശുപാർശ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ തീരുമാനം സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) & (ഡി) പി. എസ്. സി.യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. നിയമനശുപാർശയിൽ ജാതി രേഖപ്പെടുത്തൽ

47 [1562] ശ്രീ. പി. കെ. കെ. ബാവ :

„ കളത്തിൽ അബ്ദുള്ള :

„ കെ. എൻ. എ. ഖാദർ :

„ ടി. പി. എം. സാഹിർ :

„ പി. കെ. അബ്ദുറബ്ബ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരെയും അദ്ധ്യാപകരെയും പി.എസ്.സി. മുഖേന നിയമിക്കുമ്പോൾ അവരുടെ നിയമനം ഓപ്പൺ കാറ്റഗറിയിലാണോ, സംവരണ കാറ്റഗറിയിലാണോ നടന്നതെന്ന് ജീവനക്കാരുടെ സർവ്വീസ് ബുക്കിലോ മറ്റ് ഔദ്യോഗിക രേഖകളിലോ രേഖപ്പെടുത്താറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാർത്ഥത്തിൽ മെരിറ്റ് കാറ്റഗറിയിൽ പി.എസ്.സി. നിയമനം ലഭിച്ചവരെക്കൂടി സംവരണ കാറ്റഗറിയിൽ ഉൾപ്പെടുത്തി ഓഫീസ് മേധാവികൾ റിപ്പോർട്ട് നൽകിയത് ശരിയായ അടിസ്ഥാന രേഖകൾ ഇല്ലാത്തത് കൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly